REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-06-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് കാനഡയിൽ G-7 ഉച്ചകോടിയിൽ പങ്കെടുക്കും.**
- **ദുരന്ത നിവാരണ രംഗത്ത് ഇന്ത്യ ആഗോളതലത്തിൽ മുൻനിരയിലേക്ക് നീങ്ങുകയാണെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ.**
- **നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ പരസ്യപ്രചാരണത്തിന് ഇന്ന് കൊട്ടിക്കലാശം.**
- **സംസ്ഥാനത്ത് കാലവർഷം തുടരുന്നു. അതിശക്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത - കാസർകോട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.**
- **കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിലെ പ്രധാന ചടങ്ങായ ഇളനീർ വെപ്പ് രാത്രി ആരംഭിക്കും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് കാനഡയിലെ കനാനാസ്കിസിൽ G-7 ഉച്ചകോടിയിൽ പങ്കെടുക്കും. പ്രധാനമന്ത്രി തുടർച്ചയായി പങ്കെടുക്കുന്ന ആറാമത്തെ G-7 ഉച്ചകോടിയാണിത്. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ക്ഷണപ്രകാരം രണ്ട് ദിവസത്തെ സന്ദർശനത്തിനെത്തിയ നരേന്ദ്രമോദി ഉച്ചകോടിയ്ക്കിടെ നിരവധി ഉഭയകക്ഷി ചർച്ചകളും നടത്തും. ആഗോള വിഷയങ്ങളെക്കുറിച്ച് രാജ്യ തലവന്മാരുമായും അന്താരാഷ്ട്ര

സംഘടനാ മേധാവികളുമായും പ്രധാനമന്ത്രി കാഴ്ച്ചപാടുകൾ പങ്കുവെക്കും. ഊർജ്ജ സുരക്ഷ, സാങ്കേതിക വിദ്യ, നിർമ്മിത ബുദ്ധി, തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി യായിരിക്കും കൂടിക്കാഴ്ച്ചകൾ.

✪✪✪

ദുരന്ത നിവാരണ രംഗത്ത് ഇന്ത്യ ആഗോളതലത്തിൽ മുൻ നിരയിലേക്ക് നീങ്ങുകയാണെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ന്യൂഡൽഹിയിൽ സംസ്ഥാന, കേന്ദ്രഭരണ പ്രദേശങ്ങളിലെ ദുരിതാശ്വാസ കമ്മീഷണർമാരുടെയും ദുരന്ത പ്രതികരണ സേനകളുടെയും വാർഷിക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

90 ദിവസത്തിനകം എല്ലാ ജില്ലകളിലും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കാൻ അമിത്ഷാ ദുരിതാശ്വാസ കമ്മീഷണർമാരോട് ആവശ്യപ്പെട്ടു. കഴിഞ്ഞ 10 വർഷങ്ങളിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഇന്ത്യ മികച്ച നേട്ടങ്ങൾ കൈവരിച്ചതായി അമിത് ഷാ അറിയിച്ചു. ദുരന്തങ്ങളിൽ മരണസംഖ്യ കുറയ്ക്കാനും നാശനഷ്ടങ്ങൾ ലഘൂകരിക്കാനും ഗവൺമെന്റിന്റെ നയങ്ങൾക്ക് കഴിഞ്ഞതായും ആഭ്യന്തര മന്ത്രി പറഞ്ഞു.

✪✪✪

കേന്ദ്ര ഗവൺമെന്റ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ 2,000 ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി അറിയിച്ചു. പിന്നാക്ക - ആദിവാസി മേഖലകളിലായിരിക്കും ഇവ സ്ഥാപിക്കുകയെന്നും അതുവഴി യുവാക്കാൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാകുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. രാജ്യത്തിപ്പോൾ 22 ലക്ഷത്തോളം ഡ്രൈവർമാരുടെ കുറവുണ്ടെന്നും പുതിയ സ്കൂളുകൾ വിദഗ്ധ ഡ്രൈവർമാരുടെ അഭാവം പരിഹരിക്കുമെന്നും ഗഡ്കരി വിലയിരുത്തി.

✪✪✪

അഹമ്മദാബാദ് വിമാനദുരന്തത്തിൽ മരിച്ച 125 പേരുടെ മൃതദേഹങ്ങൾ DNA പരിശോധനയിൽ തിരിച്ചറിഞ്ഞു. ഇതിൽ 83 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറി. മൃതദേഹങ്ങളുടെ DNA പരിശോധന ദ്രുതഗതിയിൽ തുടരുകയാണെന്നും രണ്ട് ദിവസത്തിനകം ഇത് പൂർത്തീകരിക്കാനാകുമെന്നും അഹമ്മദാബാദ് സിവിൽ ആശുപത്രി സൂപ്രണ്ട് അറിയിച്ചു.

ദുരന്തത്തിൽ മരിച്ച ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുടെ ഭൗതികദേഹം പൂർണ ഔദ്യോഗിക ബഹുമതികളോടെ ഗുജറാത്തിലെ രാജ്കോട്ടിൽ സംസ്കരിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ തുടങ്ങിയവർ സംസ്കാര ചടങ്ങിൽ പങ്കെടുത്തു.

✪✪✪

അഹമ്മദാബാദ് വിമാന ദുരന്തത്തിൽ എയർക്രാഫ്ററ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ പ്രാഥമിക അന്വേഷണ റിപ്പോർട്ട് പ്രസിദ്ധീകരിച്ചെന്ന സാമൂഹിക മാധ്യമങ്ങളിലെ പ്രചാരണം കേന്ദ്ര ഗവൺമെന്റ് തള്ളി. ഇത്തരം വാർത്തകൾ വ്യാജമാണെന്ന് PIB ഫാക്ട് ചെക്ക് യൂണിറ്റ് സമൂഹ മാധ്യമ പോസ്റ്റിൽ വ്യക്തമാക്കി.

✪✪✪

ഇന്ന് ലോക മരുവത്കരണ-വരൾച്ചാ പ്രതിരോധ ദിനം. മരുവത്കരണവും വരൾച്ചയും പ്രതിരോധിക്കാൻ തന്ത്രങ്ങൾ എന്ന വിഷയത്തിൽ ജോധ്പൂരിൽ ദേശീയ ശില്പശാല സംഘടിപ്പിക്കും. കേന്ദ്രമന്ത്രി ഭൂപേന്ദ്ര യാദവ് അധ്യക്ഷനാകും. കേന്ദ്രമന്ത്രി ഗജേന്ദ്രസംഗ് ഷെഖാവത്തും പരിപാടിയിൽ പങ്കെടുക്കും. 'ഭൂമി പുനഃസ്ഥാപിക്കുക - അവസരങ്ങൾ അനാവരണം ചെയ്യുക' എന്ന പ്രമേയത്തോടയാണ് ഈ വർഷത്തെ ദിനാചരണം.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ പരസ്യപ്രചാരണത്തിന് ഇന്ന് കൊട്ടിക്കലാശം. മുന്നണി സ്ഥാനാർത്ഥികളും കക്ഷിരഹിതരും പരസ്യപ്രചാരണത്തിന്റെ അവസാന ദിവസം കൊഴുപ്പിക്കാൻ അടവുകൾ പതിനെട്ടും ഇന്ന് പുറത്തിറക്കും.

മലപ്പുറം പ്രതിനിധി M സുരേഷ് ബാബുവിന്റെ റിപ്പോർട്ട്..

........വോയ്സ്.........

✪✪✪

ഉപതിരഞ്ഞെടുപ്പിൽ പോളിംഗ് സ്റ്റേഷനുകളായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്നും നാളെയും മറ്റന്നാളും അവധിയായിരിക്കുമെന്ന് മലപ്പുറം ജില്ലാ കലക്ടർ അറിയിച്ചു. പോളിംഗ് സാമഗ്രികളുടെ വിതരണ - സ്വീകരണ കേന്ദ്രമായി പ്രവർത്തിക്കുന്ന ചുങ്കത്തറ മാർത്തോമ ഹയർ സെക്കൻഡറി സ്കൂളിന് ഇന്ന് മുതൽ 23 വരെയും അവധിയായിരിക്കും.

✪✪✪

സംസ്ഥാനത്ത് കാലവർഷം തുടരുന്നു. അതി ശക്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത

പ്രഖ്യാപിച്ചു. വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.........വോയ്സ്....

മറ്റന്നാൾ വരെ കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് നിർദേശമുണ്ട്.

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിൽ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു. ജില്ലയിൽ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയതും പ്രധാന നദികൾ കരകവിഞ്ഞൊഴുകുന്നതും ദേശീയപാതയിലെ ചില ഭാഗങ്ങളിൽ മണ്ണിടിച്ചിലുണ്ടായതും കണക്കിലെടുത്താണ് തീരുമാനമെന്ന് ജില്ലാ കലക്ടർ അറിയിച്ചു. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല.

കനത്ത മഴയും വെള്ളക്കെട്ടും കാരണം കുട്ടനാട് താലൂക്ക് പരിധിയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആലപ്പുഴ ജില്ലാ കലക്ടർ അവധി നൽകി. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല.

✪✪✪

ഇടുക്കി ജില്ലയിൽ പൊന്മുടി, പാംബ്ള, കല്ലാർകുട്ടി, മലങ്കര അണക്കെട്ടുകൾ തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കുന്നത് ഇന്നും തുടരും. ഇന്ന് മഴയുടെ ശക്തി കുറഞ്ഞേക്കുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്.

✪✪✪

പത്തനംതിട്ട മൂഴിയാർ ജലസംഭരണിയിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് മൂന്ന് ഷട്ടറുകൾ തുറന്നു. മൂഴിയാർ ഡാം മുതൽ കക്കാട് പവർ ഹൗസ് വരെ തീരവാസികൾ ജാഗ്രതാ പുലർത്തണമെന്നും നദികളിൽ ഇറങ്ങരുതെന്നും ജില്ലാ കളക്ടർ മുന്നറിയിപ്പ് നൽകി.

✪✪✪

സംസ്ഥാനത്ത് മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ ഉന്നതികളിലും നഗറുകളിലും പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് മന്ത്രി OR കേളു പട്ടിക വിഭാഗ വികസന ഡയറക്ടർമാർക്ക് നിർദേശം നൽകി. ദുർഘടമേഖലകളിലെ

ഉന്നതികളിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

കോഴിക്കോട് ചാത്തമംഗലം ചെറുപുഴയിൽ കാണാതായ ആൾക്ക് വേണ്ടി ഇന്നലെ  അഗ്നിരക്ഷാ സേനയും നാട്ടുകാരും തിരച്ചിൽ നടത്തി.  തെരച്ചിൽ ഇന്നും തുടരും.

✪✪✪

FIH ഹോക്കി പ്രോ ലീഗിൽ ഇന്ത്യൻ വനിതാ ടീം ഇന്നും നാളെയും അർജന്റീനയെ നേരിടും. ലണ്ടനിലെ ലീ വാലി ഹോക്കി & ടെന്നീസ് സെന്ററിലാണ് മത്സരം.  നിലവിൽ 9 പോയിന്റുമായി ഏഴാം സ്ഥാനത്താണ് ഇന്ത്യ. പട്ടികയിൽ രണ്ടാം സ്ഥാനത്താണ്  അർജന്റീന.

പുരുഷവിഭാഗത്തിൽ  ഫ്രാൻസും ന്യൂസിലാന്റും സെമി യിലേക്ക് യോഗ്യത നേടി.

✪✪✪

മലാപ്പറമ്പ് മുതൽ വെള്ളിമാട്കുന്ന് വരെ ദേശീയപാത 766- ൽ നവീകരണത്തിന് കേന്ദ്രാനുമതി ലഭിച്ചാൽ ഉടൻ പ്രവൃത്തി ആരംഭിക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. മാനാഞ്ചിറ - വെള്ളിമാട്കുന്ന് റോഡ് നവീകരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ആദ്യഘട്ടത്തിൽ മാനാഞ്ചിറ - മലാപ്പറമ്പ് ഭാഗത്തെ പ്രവൃത്തിയാണ് നടപ്പാക്കുന്നത്.  8.34 കിലോമീറ്റർ മാനാഞ്ചിറ- വെള്ളിമാടുകുന്ന് റോഡ് നവീകരണത്തിന് ഗവൺമെന്റ് 482 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

✪✪✪

കണ്ണൂർ കൊട്ടിയൂർ  വൈശാഖോത്സവത്തിലെ പ്രധാന ചടങ്ങായ ഇളനീർ വെപ്പ് രാത്രി ആരംഭിക്കും.

രാത്രി മന്ദംചേരിയിലെ ബാവലിക്കരയിൽ കാത്തിരിക്കുന്ന ഇളനീർ വ്രതക്കാർ രാശിവിളിക്കുമ്പോൾ സന്നിധാനത്തേക്ക് ഓടിയെത്തി ഇളനീർക്കാവുകൾ സമർപ്പിക്കും.

നാളെ ആണ് ഇളന്നീരാട്ടം. വൈശാഖോത്സവത്തിലെ രണ്ടാമത്തെ ആരാധനയായ അഷ്ടമി ആരാധനയും നാളെയാണ്.

✪✪✪

അരിവാൾ രോഗത്തെ പറ്റി അവബോധം വളർത്താൻ ആരോഗ്യ വകുപ്പ് ഒരുവർഷത്തെ പ്രത്യേക ക്യാമ്പെയിൻ സംഘടിപ്പിക്കും. ആരോഗ്യ വകുപ്പും ട്രൈബൽ വകുപ്പും ചേർന്നാണ് ക്യാമ്പെയിൻ നടത്തുന്നത്. സിക്കിൾസൽ രോഗം- ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ചികിത്സാ കേന്ദ്രങ്ങൾ, സഹായ പദ്ധതികൾ, എന്നിവയെപറ്റി വിശദാംശങ്ങൾ ജനങ്ങളിലെത്തിക്കും. ഗോത്ര ഭാഷയിലുൾപ്പെടെ പ്രത്യേക സന്ദേശങ്ങളും ക്യാമ്പെയിന്റെ ഭാഗമായി തയ്യാറാക്കും. പരിപാടിയുടെ ലോഗോ മന്ത്രി വീണാ ജോർജ്ജ് പ്രകാശനം ചെയ്തു.

✪✪✪

സംസ്ഥാനത്തെ അഞ്ച് നഴ്സിംഗ് സ്കൂളുകൾക്കും മൂന്ന് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് പരിശീലന സ്ഥാപനങ്ങൾക്കും അനുവദിച്ച എട്ട് ബസുകൾ മന്ത്രി വീണാ ജോർജ്ജ് ഇന്നലെ തിരുവനന്തപുരത്ത് ഫ്ലാഗ് ഓഫ് ചെയ്തു. ഒരു കോടി 83ലക്ഷം രൂപ ചെലവഴിച്ചാണ് ബസുകൾ വാങ്ങിയത്.

✪✪✪

കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. ഇവയെ സംരക്ഷിച്ച് വരും തലമുറക്കായി കാത്തുവക്കാനാണ് ഗവൺമെന്റ് ഇടപെടലുകൾ നടത്തുന്നത്. ആറു മാസത്തിനകം 90 ശതമാനം ഗ്രാമീണ കുടുംബങ്ങളിൽ കുടിവെള്ളം എത്തിക്കാനാണ് ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. സൗന്ദര്യവൽക്കരണം പൂർത്തീകരിച്ച കണ്ണൂർ ചിറക്കൽ ചിറ നാടിന് സമർപ്പിക്കുകയായിരുന്നു മന്ത്രി.

തലശ്ശേരി മുനിസിപ്പാലിറ്റിയിലെ നവീകരിച്ച കാരാൽതെരു ഗണപതി ക്ഷേത്രക്കുളവും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

രാജ്ഭവനുമായി അകാരണമായ സംഘർഷത്തിന് CPI ആഗ്രഹിക്കുന്നില്ലെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. ഭാരതാംബ ചിത്രത്തിൽ രാജഭവൻ നിലപാട് തിരുത്തിയെന്ന വാർത്ത ശരിയാണെങ്കിൽ പാർട്ടി അതിനെ പൂർണമായി സ്വാഗതം ചെയ്യുകയാണെന്നും അദ്ദേഹം ആലപ്പുഴയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*CNRT: സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*